LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പാലം നിർമ്മാണം

49 [2938] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 1996-97 മുതൽ 2000-01 വരെയുള്ള കാലയളവിൽ ഏതൊക്കെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവയിൽ ഏതൊക്കെ നിർമ്മാണം ആരംഭിച്ചുവെന്നും ഏതൊക്കെയാണ് പൂർത്തിയാക്കിയതെന്നും അറിയിക്കാമോ;

(ബി) 2001-02 മുതൽ ഇതേവരെ ജില്ലയിൽ ഏതൊക്കെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും അവയിൽ ഏതൊക്കെ നിർമ്മാണം ആരംഭിച്ചുവെന്നും ഈ കാലത്ത് നിർമ്മാണം ആരംഭിച്ചവയിൽ ഏതൊക്കെ പൂർത്തിയായെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദവിവരങ്ങൾ അനുബന്ധം III†

ചേർത്തല-കോടിമത കണവാറ്റിൻകര റോഡ് നിർമ്മാണം

50 [2939] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ നിന്നും കോടിമത കണവാറ്റിൻകര വരെയുള്ള റോഡിന്റെ നിർമ്മാണം ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) നിലവിലുള്ള അവസ്ഥയിൽ റോഡ് പണി എപ്പോൾ പൂർത്തിയാക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡിന്റെ നിർമ്മാണം ഇതുവരെയും ആരംഭിച്ചിട്ടില്ല.

(ബി) മൊത്തം അലൈൻമെന്റിന്റെ കോടിമത മുതൽ കവണാർ വരെയുള്ള 14½ കിലോമീറ്റർ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കേ പണി ആരംഭിക്കുകയുള്ളൂ.

†അനുബന്ധം III

അനുബന്ധം III

[17-3-2005-ലെ ചോദ്യം നമ്പർ 49 (2938)-ന്റെ ഉത്തരം ദയവായി കാണുക]

കാസർഗോഡ് ജില്ലയിൽ 1996-97 മുതൽ 2000-01 വരെയുള്ള കാലയളവിൽ ഭരണാനുമതി നൽകിയ പാലങ്ങളുടെ വിവരം താഴെ പറയുന്നു.

1. ഉങ്ങഴഗ് പാലം
2. ഓരിക്കടവ് പാലം
3. അരയിക്കടവ് പാലം
4. മുണ്ടോട് പാലം
5. മീങ്ങോട് പാലം
6. വാവ്ണുക്കം പാലം
7. കൊണ്ടോട്ടി പാലം
8. മുക്കട പാലം
9. കല്ലുംഗ പാലം
10. പീലിക്കോട് ആർ. ഒ. ബി.
11. വെള്ളരിക്കുണ്ട് പാലം
12. എരഞ്ഞിലംകോട് പാലം

ഇവയിൽ നിർമ്മാണം ആരംഭിച്ചത്

ഉങ്ങഴഗ് പാലം, ഓരിക്കടവ് പാലം, അരയിക്കടവ് പാലം, മുണ്ടോട് പാലം, മീങ്ങോട് പാലം, വാവണുക്കം പാലം, കൊണ്ടോട്ടി പാലം, കല്ലുംഗ പാലം, പീലിക്കോട് ആർ. ഒ. ബി., വെള്ളരിക്കുണ്ട് പാലം

പൂർത്തിയായത്

ഉങ്ങഴഗ് പാലം, അരയിക്കടവ് പാലം, മുണ്ടോട് പാലം, മീങ്ങോട് പാലം, കൊണ്ടോട്ടി പാലം, കല്ലുംഗ പാലം, വെള്ളരിക്കുണ്ട് പാലം.

2001-02 മുതൽ ഇതേവരെ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ വിവരങ്ങൾ

1. എൽക്കാനപാലം
2. പെരുംബാളക്കടവ് പാലം
3. ഉടയുംചാൽ പാലം
4. എരുതുംകടവ് പാലം
5. ചിറ്റാപുരം എരിഞ്ഞിലംകോട് പാലം
6. വെള്ളാപ്പ് പാലം

നിർമ്മാണം ആരംഭിച്ചു.

(പണി പൂർത്തിയായ പാലങ്ങളില്ല)

LIBRARY ARCHIVES Kerala Legislative Assembly